"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ കുമാരപുരം - പൂന്തി - അണമുഖം - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR 137/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പു-റപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2441/2024/LSGD തീയതി, തിരുവനന്തപുരം, 12-12-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 26/10/2023 തീയതിയിലെ എ3/558/09-/ടിഡ നമ്പർ കത്ത്
2. സ.ഉ.(സാധാ) നം. 1669/2024/ത.സ്വ.ഭ.വ, തീയതി, 10/09/2024.
3. സ.ഉ.(സാധാ) നം. 7943/2024/ധന, തീയതി, 25/10/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR 137/09 നമ്പർ കേസിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച 4,32,071/- രൂപ (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) റീക്കൂപ്പ് ചെയ്യുന്നതിനും ഈ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,817/- രൂപ (ഒമ്പതിനായിരത്തി എണ്ണൂറ്റിപതിനേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് നൽകുന്നതിനുമായി ആകെ 4,41,888/- (നാല് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റിഎൺപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി

2) മേൽ പരാമർശിച്ച എൽ.എ.ആർ. 137/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 4,32,071/- രൂപ (നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) റീക്കൂപ്പ് ചെയ്യുന്നതിനും ഈ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,817/- രൂപ (ഒമ്പതിനായിരത്തി എണ്ണൂറ്റിപതിനേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ബാബു മാത്യുവിന് നൽകുന്നതിനുമായി ആകെ 4,41,888/- രൂപ (നാല് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റിഎൺപത്തിയെട്ട് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR Cases എന്ന ശീഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 - Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 4,42,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - ബൈപ്പാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ ബ്ലോക്ക് നം. - 35-ൽ സർവ്വേ നം.444 (റീസർവ്വേ നം. 132)-ൽ ഉൾപ്പെട്ട 0.12 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീ. ബാബു മാത്യു ഫയൽ ചെയ്തിട്ടുള്ള LAR 137/09 നമ്പർ കേസിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച 4,32,071/- രൂപ '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റീക്കുപ്പ് ചെയ്യുന്നതിനും ടി എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,817/- രൂപ ടി കേസിലെ കക്ഷിയായ ശ്രീ. ബാബു മാത്യു (S/o ചാക്കോ മാത്യു, റ്റി.സി. 10/786, പേരൂർക്കട, തിരുവനന്തപുരം) എന്നയാൾക്ക് നല്കുന്നതിനുമായി ആകെ 4,41,888/- രൂപ (നാല് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റിഎൺപത്തിയെട്ട് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR Cases എന്ന ശീഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി.
ശ്രീ. ബാബു മാത്യു , S/o ചാക്കോ മാത്യു, റ്റി.സി. 10/786, പേരൂർക്കട, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
ധനകാര്യ വകുപ്പ് (WCD-3/199/2024-Fin).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/216 /2024/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 12-12-2024 16:13:03
സെക്ഷൻ ഓഫീസർ